# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 290

**03.02.2020-ൽ മറുപടിയ്ക്ക്**

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

| ചോദ്യം<br>**ശ്രീ.റ്റി.വി.രാജേഷ്** | | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ഗവ: ആയുർവേദ കോളേജിൽ സർക്കാർ അനുവദിച്ച പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | 30.10.2017- ലെ ജി.ഒ(എം.എസ്) 32/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റേയും കേരള ആരോഗ്യ സർവ്വകലാശാലയുടേയും അംഗീകാരത്തിന് വിധേയമായി കണ്ണൂർ ഗവ. ആയുർവേദ കോളേജിൽ ശല്യതന്ത്ര, ശാലാക്യതന്ത്ര, രസതന്ത്ര & ഭൈഷജ്യ കൽപ്പന വകുപ്പുകളിൽ 05 സീറ്റുകൾ വീതമുള്ള പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും ക്രിയാശരീര, രോഗനിദാന വകുപ്പുകളിലെ പി.ജി. സീറ്റുകളുടെ എണ്ണം നിലവിലുള്ള 05-ൽ നിന്ന് 07 ആക്കി വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ സർവ്വകലാശാലയിൽ നിന്ന് കൺസെന്റ് ഓഫ് അഫിലിയേഷനുകൾ ലഭ്യമാക്കി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. കോളേജിലും ആശുപത്രിയിലും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനും സി.സി.ഐ.എം. പ്രതിനിധികൾ കോളേജും ആശുപത്രിയും സന്ദർശിക്കുകയും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.<br><br>കേന്ദ്ര ആയുഷ് മന്ത്രാലയം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടി തസ്തിക സൃഷ്ടിക്കുന്നതിനും മറ്റുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ് അതോടൊപ്പം ആനിമൽ ഹൗസ്, സെൻട്രൽ റിസർച്ച് ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം രൂപ ട് വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | കീഴിൽ പ്രവർത്തിക്കുന്ന ടി.കെ.എം.കെ.-യുടെ ഫണ്ടിൽ നിന്ന് റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതിന് ലഭ്യമാക്കിയ പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.<br>കൂടാതെ, 2020-21 വർഷത്തിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് വീണ്ടും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണം പൂർത്തിയാകുന്നത് വരെ തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിന്റെ കീഴിലുള്ള ആനിമൽ ഹൗസിന്റേയും, സെൻട്രൽ റിസർച്ച് ലബോറട്ടറിയുടേയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ